(ഡി) 'സി' ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(ഇ) ഉണ്ട്. പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കുന്നുണ്ടോ എന്ന് കാലാകാലങ്ങളിൽ സോഷ്യൽ ഫോറസ്ട്രറി വിഭാഗവും വനംവകുപ്പിലെ വിജിലൻസ് വിഭാഗവും മറ്റ് ഏജൻസികളും മോണിറ്ററിംഗ് നടത്തിവരുന്നു. കൂടാതെ കേന്ദ്രവനം പരിസ്ഥിതി വകുപ്പിന്റെ ആഭിമുഖ്യത്തിലും പ്രസ്തുത പരിപാടിയുടെ മൂല്യനിർണ്ണയം നടത്തിവരുന്നു.

(എഫ്) വനംവകുപ്പിലും വിജിലൻസ് വിഭാഗം അന്വേഷണം നടത്തിവരുന്നു.

സീഡ് അതോറിറ്റി

*5 [888] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ഡോ. തോമസ് ഐസക്:
ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്കാവശ്യമായിട്ടുള്ള എല്ലായിനം വിത്തുകളും സമയബന്ധിതമായി എത്തിച്ചുകൊടുക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇതിനായി ഒരു 'സീഡ് അതോറിറ്റി' രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അതോറിറ്റിയിലെ അംഗങ്ങൾ ആരൊക്കെയാണ്; ഈ അതോറിറ്റിയുടെ ചുമതലകൾ എന്തൊക്കെയാണെന്ന് പറയാമോ;

(ഡി) നെൽവിത്ത് സംഭരിക്കുന്നതിനും അത് കൃഷിക്കാരിൽ എത്തിക്കുന്നതിനേയുംക്കുറിച്ച് കാലാകാലങ്ങളിൽ റിവ്യൂ നടത്തുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ, ബി) കർഷകർക്ക് ആവശ്യമായ വിത്തുകൾ എത്തിച്ചുകൊടുക്കുന്നതിന് സർക്കാർ സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

വിത്തിന്റെ ഉൽപ്പാദനം, സംഭരണം, വിതരണം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കി കർഷകർക്കാവശ്യമായതും വർദ്ധിച്ച ഉൽപ്പാദനക്ഷമതയും ഗുണമേന്മയുള്ളതുമായ വിത്ത് ലഭ്യമാക്കുന്നതിന് വിത്ത് വികസന അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള അത്യുൽപ്പാദനശേഷിയുള്ള വിത്തുൽപ്പാദനവും വിതരണവും സീഡ് അതോറിറ്റിയുടെ ചുമതലകളിൽ ഉൾപ്പെടുന്നു.

(സി) ഉണ്ട്. അതോറിറ്റിയിലെ അംഗങ്ങളെക്കുറിച്ചും ചുമതലകളെക്കുറിച്ചുമുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) വിത്ത് വികസന അതോറിറ്റിയുടെ പ്രവർത്തനം കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനായുള്ള കമ്മിറ്റി അവലോകനം നടത്താറുണ്ട്.

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[8-8-2003-ലെ *5 (888)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

സീഡ് അതോറിറ്റിയിലെ അംഗങ്ങളുടെ വിവരം ചുവടെ കുറിക്കുന്നു:

1.	അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ	..	ചെയർമാൻ
2.	സെക്രട്ടറി, കൃഷി വകുപ്പ്	..	മെമ്പർ
3.	ഡയറക്ടർ ഓഫ് റിസർച്ച്, കേരള കാർഷിക സർവ്വകലാശാല	..	മെമ്പർ
4.	ശ്രീ. കെ. പി. കുഞ്ഞികണ്ണൻ, (പ്രിയദർശിനി, ആനൂർ പി.ഒ.)	..	കർഷക പ്രതിനിധി
5.	ശ്രീ. എം. വി. വാസുദേവൻ, സുദർശന സദനം, കരുവാറ്റ പി.ഒ., ആലപ്പുഴ	..	കർഷക പ്രതിനിധി
6.	ശ്രീ. കുട്ടി അഹമ്മദ് കുട്ടി, കെ., മാസ്റ്റേഴ്സ് ഹൗസ്, തവനൂർ, മലപ്പുറം പി. ഒ.	..	കർഷക പ്രതിനിധി
7.	കൃഷി ഡയറക്ടർ	..	മെമ്പർ
8.	ശ്രീ. കെ. ആർ. വിശ്വംഭരൻ, പ്രോജക്ട് ഡയറക്ടർ, കെ.എച്ച്.ഡി.പി., മൈത്രി ഭവൻ, കാക്കനാട്	..	മെമ്പർ
9.	ശ്രീ. ടി. ആർ. ഗോപാലകൃഷ്ണൻ, അസിസ്റ്റന്റ് പ്രൊഫസർ, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ	..	മെമ്പർ
10.	കൃഷി അഡീഷണൽ ഡയറക്ടർ (ഹോർട്ടികൾച്ചർ), കൃഷി ഡയറക്ടറേറ്റ്, തിരുവനന്തപുരം	..	മെമ്പർ

വിത്ത് വികസന അതോറിറ്റിയുടെ ചുമതലകൾ താഴെ പറയുന്നവയാണ്:

1. ഗുണമേന്മയും അത്യുൽപ്പാദനശേഷിയുമുള്ള വിത്ത് ഉൽപ്പാദനവും വിതരണവും.
2. അതത് പ്രദേശങ്ങൾക്ക് യോജിച്ച അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ കൃഷി ഫാമുകളിലും കർഷകരുടെ കൃഷിയിടങ്ങളിലും വ്യാപിപ്പിക്കുക.
3. വിത്ത് വികസന അതോറിറ്റിയുടെ മേൽനോട്ടത്തിൽ തെരഞ്ഞെടുത്ത പാടശേഖര സമിതികൾ മുഖേന വിത്തുല്പാദനം നടത്തുക.
4. ശാസ്ത്രീയ രീതിയിൽ വിത്തുല്പാദിപ്പിക്കുന്നതിന്റെ ഭാഗമായി സീഡ് ഫാമുകളിലെ ഉദ്യോഗസ്ഥർ, രജിസ്ട്രേർഡ് വിത്തുൽപ്പാദകർ എന്നിവർക്ക് പരിശീലനം നൽകുക.
5. കർഷകരിൽനിന്നും സംഭരിക്കുന്ന വിത്ത് സൂക്ഷിക്കുന്നതിന് വിത്ത് സ്റ്റോറുകൾ, സംസ്കരണ ശാലകൾ എന്നിവ സ്ഥാപിക്കുക.
6. കർഷകർക്ക് നൽകുന്ന വിവിധയിനം വിത്തുകളുടെ സംഭരണ വില, വിതരണവില തുടങ്ങിയവ പ്രഖ്യാപിക്കുക.
7. വിത്തിന്റെ ഉല്പാദനം, സംസ്കരണം, സംഭരണം, വിതരണം എന്നിവയ്ക്കായി സംസ്ഥാന വിത്ത് ഫാമുകൾ, ഗ്രൂപ്പ് ഫാമിംഗ് സമിതികൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

8. ജനിതക വിത്ത്, അടിസ്ഥാന വിത്ത്, സർട്ടിഫൈഡ് വിത്ത് തുടങ്ങിയവയുടെ വിഭ്യത ഉറപ്പു വരുത്തുക.

9. കർഷകർക്ക് നൽകുന്ന വിവിധയിനം വിത്തുകളുടെ സംഭരണ വില, വിതരണ വില തുടങ്ങിയവ പ്രഖ്യാപിക്കുക.

10. വിത്തിന്റെ കരുതൽ ശേഖരണം സൂക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങിയവയാണ്.

അനുബന്ധം II

[8-8-2003-ലെ *6 (889)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അബ്കാരി നിയമത്തിൽ വരുത്തിയ ഭേദഗതികൾ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു:

1. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2002-03 കാലഘട്ടത്തിലേക്കുള്ള അബ്കാരി നയത്തിന് രൂപം നൽകുകയും കള്ള് ഷാപ്പുകളുടെ നടത്തിപ്പ് 2001-02-ൽ സംസ്ഥാനത്തെ കള്ളുഷാപ്പുകൾ, തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ നടത്തിക്കൊണ്ടിരുന്ന സമ്പ്രദായം അവസാനിപ്പിക്കുകയും ആയത് വ്യക്തികൾക്ക് വാർഷിക ലൈസൻസ് ഫീസ് ഈടാക്കി നൽകുന്നതിനാവശ്യമായ ഭേദഗതികൾ "കേരളാ അബ്കാരി ഷാപ്പ് ഡിസ്പോസൽ റൂൾസ് 2002" ആയി വരുത്തുകയുണ്ടായി. (ജി.ഒ.നം.24/02/റ്റി.ഡി. തീയതി 30-3-2002-ലെ പബ്ലിഷ്ഡ് എസ്. ആർ. ഒ. നമ്പർ 198/2002 ഇൻ.കെ.ജി.ഇ.എക്സ്. നമ്പർ 376 തീയതി 30-3-2002).

2002-03 വർഷത്തിൽ സംസ്ഥാനത്ത് 4000 കള്ളുഷാപ്പുകൾക്കാണ് ലൈസൻസ് നൽകുവാൻ തീരുമാനിച്ചിരുന്നത്. എന്നാൽ ചില ജില്ലകളിൽ ഷാപ്പുകൾ പൂർണ്ണമായും വിൽപ്പന പോകാത്തതിനാൽ ഒരു വ്യക്തിക്ക് ഒരു ഷാപ്പുമാത്രമേ നൽകൂ എന്നതും വിൽപ്പന നിയമങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തുകയുണ്ടായി. ജി.ഒ.(പി) നമ്പർ 83/2002/നി.വ. തീയതി 7-6-2002 (എസ്.ആർ.ഒ. നം. 463/2002). ഇപ്രകാരം ഒരു ഷാപ്പിനുപകരം മൂന്നു ഷാപ്പുകൾ വരെ ഒരു വ്യക്തിക്ക് നൽകാമെന്നും, ജി.ഒ.(പി) നമ്പർ 90/2002/നി.വ. തീയതി 26-4-2002 (എസ്.ആർ.ഒ. 501/2002) പ്രകാരം ഒരു വ്യക്തിക്ക് എത്ര ഷാപ്പുകൾ വേണമെങ്കിലും നൽകാമെന്നും ഭേദഗതി വരുത്തിയിട്ടുണ്ട്.

ജി.ഒ. (പി) നമ്പർ 90/2002/നി.വ. തീയതി 24-6-2002 എസ്.ആർ.ഒ. 501/2002 പ്രകാരം അബ്കാരി ഷാപ്പ് വിൽപ്പന ചട്ടങ്ങളിൽ മറ്റൊരു കാതലായ ഭേദഗതി വരുത്തി പ്രസ്തുത ഭേദഗതി സർക്കാരിന് ഏതു സമയവും ആവശ്യമെങ്കിൽ നിർത്തലാക്കിയ കള്ളുഷാപ്പുകൾ പുനഃസ്ഥാപിക്കുന്നതിനും അവ വിൽപ്പന നടത്തുന്നതിനും അധികാരം നൽകുന്നതാണ്. ടി ഭേദഗതികളുടെ വെളിച്ചത്തിൽ 2002-03 സാമ്പത്തിക വർഷം 356 കള്ളുഷാപ്പുകൾ കൂടി പുനഃസ്ഥാപിച്ച് മൊത്തം ഷാപ്പുകളുടെ എണ്ണം 4356 ആക്കി.

മേൽ ഭേദഗതിയിൽ തന്നെ വിൽപ്പന പോകാത്ത ഷാപ്പുകൾ അംഗീകൃത കള്ളുഷാപ്പ് തൊഴിലാളികളുടെ കമ്മിറ്റികൾക്ക് നൽകുവാൻ വ്യവസ്ഥ ചെയ്തിരുന്നു.

2002-ൽ അബ്കാരി നിയമത്തിൽ വരുത്തിയ മറ്റൊരു പ്രധാന ഭേദഗതി 53എ എന്ന പുതിയ സെക്ഷൻ കൊണ്ടുവന്നതിനുള്ളതാണ്. ഇതു പ്രകാരം സംസ്ഥാനത്ത് എക്സൈസ്, പോലീസ് ഓഫീസുകളിൽ തൊണ്ടിയായി സൂക്ഷിച്ചിരിക്കുന്ന വസ്തുക്കളെക്കുറിച്ച് റിട്ടർ വിദേശ മദ്യം, ചാരായം എന്നിവ കാലതാമസം കൂടാതെ തീർപ്പാക്കുന്നതിന് ആവശ്യമായ നിയമം ആവിഷ്കരിച്ചിട്ടുണ്ട്. (നമ്പർ 917/ലെജിസ്ലേഷൻ/03/ ലോ തീയതി 6-3-2003)

LIBRARY ARCHIVES Kerala Legislative Assembly